(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പുതിയ ഡിവിഷൻ രൂപീകരിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി അതിന്റെ റിപ്പോർട്ടിലൂടെ ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലാണ് ഗവൺമെന്റിനോട് ഈ ശുപാർശ ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കിയോ; എങ്കിൽ എന്ന്;

(ഡി) ഇത് നടപ്പിലാക്കാൻ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) 1991-92ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി മൂന്നിന്റെ ശുപാർശ പ്രകാരം 1.7.1995 മുതലാണ് പുതിയ ഡിവിഷൻ പ്രവർത്തനം ആരംഭിച്ചത്.

(ഡി) ലഭിച്ചിരുന്നു.

59 (1165) ദേശീയ ജലപാത

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായി കേരളത്തിൽ ഏതെല്ലാം കനാലുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പഴയ മലബാർ മേഖലയിൽ ഇതിന്റെ ഭാഗമായി ഏതെല്ലാം പുഴകളെയും കനാലുകളെയുമാണ് ഉൾപ്പെടുത്തുന്നത്; അവയെ സഞ്ചാരയോഗ്യമാക്കാൻ ഈ സാമ്പത്തിക വർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു?

ഉത്തരം

(എ) വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറംവരെയുള്ള 168 കി.മീ. ഭാഗവും ഉപകനാലുകളായ 23 കി.മി. ദൂരം വരുന്ന ചമ്പക്കര കനാലും 14 കി.മീ. ദൂരം വരുന്ന ഉദ്യോഗമണ്ഡൽ കനാലുമാണ് ദേശീയ ജലപാത-3 ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്.

(ബി) ദേശീയ ജലപാത വടക്കോട്ട് കോട്ടപ്പുറം മുതൽ കാസർഗോഡ്വരെ നീട്ടുന്നതിന് സർക്കാർ, കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. അഴീക്കൽ മുതൽ വെസ്റ്റ് കോസ്റ്റ് കനാലിൽ വടകരവരെയുള്ള 40 കി.മീ. പുതുതായി രൂപപ്പെടുത്തി എടുക്കേണ്ട ഭാഗവും പഴയ മലബാർ മേഖലയിലെ സുൽത്താൻ കനാൽ, മാഹി കനാൽ, ഏലത്തൂർ കല്ലായി കനാൽ, തിരൂർ കുട്ടായി കനാൽ, പൊന്നാനി കനാൽ, കനോലി കനാൽ, വളപ്പട്ടണം പുഴ, ഭാരതപ്പുഴ തുടങ്ങിയവയും ഉൾപ്പെടുന്നുണ്ട്. ദേശീയ ജലപാതയായി പ്രഖ്യാപിച്ച ഭാഗം ഒഴിച്ചുള്ള ഭാഗത്തിന്റെ നവീകരണ പദ്ധതികൾ സംസ്ഥാന സർക്കാർ ഘട്ടം ഘട്ടമായി നടത്തിവരികയാണ്. ആയതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ, പഴയ മലബാർ മേഖലയിലെ താഴെപ്പറയുന്ന കനാലുകളുടെ ഉദ്ധാരണപ്പണികൾ നടത്തുന്നതിലേയ്ക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്.

1) ബേപ്പൂർ കല്ലായി കനാൽ അഭിവൃദ്ധിപ്പെടുത്തൽ : 1080 ലക്ഷം രൂപ

2) വടകര-മാഹി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ : 1639 ലക്ഷം രൂപ

3) കൊറ്റി-വളപ്പട്ടണം-പറശ്ശിനിക്കടവ് കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ (നബാർഡ് അംഗീകാരത്തിനായി) : 931 ലക്ഷം രൂപ

4) കോട്ടപ്പുറം (കാസർഗോഡ്) കൊറ്റി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ : 332.44 ലക്ഷം രൂപ.

ഇവയിൽ കോട്ടപ്പുറം കൊറ്റി കനാൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് ഉപരിതല ഗതാഗത മന്ത്രാലയം 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി, 321.21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

കൂടാതെ കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിലൂടെ ജലഗതാഗതം പുനരാരംഭിക്കുന്നതിന് വശ്യമായ ജോലികൾ പൂർത്തിയാക്കി ഗതാഗതത്തിനു തുറന്നു കൊടുത്തിട്ടുണ്ട്. ഈ കനാൽ പൂർണ്ണമായും നവീകരിക്കുന്നതിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ കൂടുതൽ പണികൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

60 (1166) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (എ.ഐ.ബി.പി.)

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (എ.ഐ.ബി.പി.) പദ്ധതിയിൻ കീഴിൽ കേന്ദ്ര സഹായം ലഭിക്കുന്നതിന് സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളെ ഉൾപ്പെടുത്തും എന്ന് അറിയിക്കുമോ;

(ബി) ഇതിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കുമോ?

ഉത്തരം

(എ)&(ബി)സംസ്ഥാനത്തെ വൻകിട ജലസേചന മേഖലയിൽപ്പെട്ട മൂവാറ്റുപുഴ നദീതട പദ്ധതി, പെരിയാർ നദീതട പദ്ധതി എന്നിവയ്ക്ക് എ.ഐ.ബി.പി.യുടെ കീഴിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലട ജലസേചനപദ്ധതിക്ക് 1997-98 വർഷം മുതൽ എ.ഐ.ബി.പി. പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly